"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - കേരഫെഡിന്റെ ഹെഡ് ഓഫീസിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണവകുപ്പിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി.ശാലിമ. പി.ബിയുടെ കേരഫെഡിലെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (പി.യു) വകുപ്പ്**

സ.ഉ.(സാധാ) നം.267/2025/AGRI    തീയതി,തിരുവനന്തപുരം, 21-03-2025

---

പരാമർശം:-

1. സ.ഉ.(സാധാ) നം.188/2021/കൃഷി തീയതി 21-02-2021.
2. സ.ഉ.(സാധാ) നം.183/2022/കൃഷി തീയതി 05-03-2022.
3. സ.ഉ.(സാധാ) നം.172/2023/കൃഷി തീയതി 21-02-2023.
4. സ.ഉ.(സാധാ) നം.527/2024/കൃഷി തീയതി 13-06-2024.
5. കേരഫെഡ് മാനേജിംഗ് ഡയറക്ടറുടെ 11-02-2025-ലെ KFD/1649/2024-ADM1/1104 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) ഉത്തരവ് പ്രകാരം തൃശ്ശൂർ വടക്കാഞ്ചേരി മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിലെ ഓഫീസ് അറ്റൻഡന്റായ, ശ്രീമതി.ശാലിമ.പി.ബി-യെ, കേരഫെഡിന്റെ ഹെഡ് ഓഫീസിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ചിരുന്നതും, തുടർന്ന് പരാമർശം (2), (3), (4) ഉത്തരവുകൾ പ്രകാരം ഓരോ വർഷത്തേയ്ക്ക് വീതം ടിയാളുടെ സേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവായിരുന്നതുമാണ്.

2. നിലവിൽ ശ്രീമതി.ശാലിമ പി.ബി-യുടെ കേരഫെഡിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലുള്ള അന്യത്രസേവന കാലാവധി 25-02-2025-ന് അവസാനിച്ച സാഹചര്യത്തിൽ, ആയത് 26-02-2025 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കുന്നതിനായി, ടിയാൾ സമർപ്പിച്ചിട്ടുള്ള അപേക്ഷയും മാതൃവകുപ്പിൽ നിന്നുള്ള നിരാക്ഷേപപത്രവും, കേരഫെഡ് ഭരണസമിതി തീരുമാനവും സഹിതം മാനേജിംഗ് ഡയറക്ടർ പരാമർശം (5) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും, ഓഫീസ് അറ്റൻഡന്റ് തസ്തികയുടെ ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷന് കേരഫെഡ് റിപ്പോർട്ട് ചെയ്തിട്ടുള്ളതും എന്നാൽ നാളിതു വരെ നിയമനം നടക്കാത്തതുമായ സാഹചര്യത്തിൽ കേരഫെഡ് ഹെഡ് ഓഫീസിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീമതി.ശാലിമ പി.ബി യുടെ കേരഫെഡിലെ അന്യത്ര സേവന കാലാവധി, 26-02-2025 മുതൽ ഒരു വർഷം പൂർത്തിയാകുന്നതു വരെയോ, പ്രസ്തുത തസ്തികയിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന സ്ഥിരനിയമനം നടക്കുന്നത് വരെയോ (ഏതാണോ ആദ്യം) അതു വരെ മാത്രം അന്യത്രസേവനം സംബന്ധിച്ച നിലവിലെ വ്യവസ്ഥകൾക്ക് വിധേയമായി ദീർഘിപ്പിച്ചു

ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K SURESHKUMAR
അഡിഷണൽ സെക്രട്ടറി

1. ഡയറക്ടർ, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്, തിരുവനന്തപുരം
2. മാനേജിംഗ് ഡയറക്ടർ, കേരഫെഡ്
3. ശ്രീമതി. ശാലിമ.പി.ബി, ഓഫീസ് അറ്റൻഡന്റ്, കേരഫെഡ് (മാനേജിംഗ് ഡയറക്ടർ മുഖേന)
4. ബോർഡ് ഓഫ് ഡയറക്ടേഴ്സ് കേരഫെഡ് ( മാനേജിംഗ് ഡയറക്ടർ മുഖേന)
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം

6 വെബ് & ന്യൂ മീഡിയ (ഐ& പി.ആർ) വകുപ്പ്

7. സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Premchand C P
Date: 22-03-2025 10:35:01
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്